**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **04-07-2022 - ൽ മറുപടിയ്ക്ക്**

**റവന്യൂവകുപ്പ് മുഖേന സുഗമമായി സേവനങ്ങൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പ് സേവനങ്ങൾ സുഗമമായി ലഭിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഏന്തെല്ലാമാണ്; ഇത്തരം സേവനങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പ് സേവനങ്ങൾ സുഗമമായി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധം-1 ൽ ചേർക്കുന്നു. ടി സേവനങ്ങളെല്ലാം സുതാര്യവും സുഗമവുമായി നടപ്പിലാക്കി വരുന്നു.<br><br>ഈ സേവനങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന ഓൺലൈൻ സേവനങ്ങൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>1. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ<br><br>2. റവന്യൂ പോർട്ടൽ<br><br>3. വിവരാവകാശം ഓൺലൈൻ<br><br>4. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ<br><br>മേൽ പദ്ധതികളുടെ വിശദാംശം അനുബന്ധം-II ൽ ചേർത്തിരിക്കുന്നു. |
| (ബി) | എങ്കിൽ ഇത് കാര്യക്ഷമമാക്കുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനും സംവിധാനം ഒരുക്കുമോ? | (ബി) | റവന്യൂ വകുപ്പ് സേവനങ്ങൾ സുഗമമായി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധം-1 ൽ ചേർക്കുന്നു. ടി സേവനങ്ങളെല്ലാം സുതാര്യവും സുഗമവുമായി നടപ്പിലാക്കി വരുന്നു.<br><br>ഈ സേവനങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന ഓൺലൈൻ സേവനങ്ങൾ കൂടി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>1. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ<br><br>2. റവന്യൂ പോർട്ടൽ<br><br>3. വിവരാവകാശം ഓൺലൈൻ<br><br>4. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ |

| | | | |
|---|---|---|---|
| | | | മേൽ പദ്ധതികളുടെ വിശദാംശം അനുബന്ധം-II ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

1. ഇ-ഡിസ്ട്രിക്ട് – വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.
2. ആർ.ആർ. ഓൺലൈൻ – റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള (കളക്ടേറ്റ് താലൂക്ക് വില്ലേജ് തലത്തിലുള്ള) ഉദ്യോഗസ്ഥർക്കും ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകരമാണ്.
3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) – ഭൂസംബന്ധമായി റവന്യൂ രജിസ്ട്രേഷൻ സർവേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.
4. റവന്യൂ ഇ-പേയ്മെന്റ് – സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
5. റീലീഫ് (സമഗ്ര മാനേജ്മെന്റ് സംവിധാനം) – പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal ലും നാശനഷ്ടങ്ങളുടെ വിവരശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം സംയോജിച്ച് വിജയകരമായി നടപ്പിലാക്കി വരുന്നു.
6. റവന്യു മിത്രം – റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്.
7. റവന്യൂ ഇ-സർവ്വീസസ് – മൊബൈൽ ആപ്ലിക്കേഷൻ; റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതു ജനങ്ങൾക്ക് ഭൂ നികുതി, ഓൺലൈൻ പോക്ക് വരവ് ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പ്രതിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്പിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
8. തണ്ടപേർ പകർപ്പ് ഓൺലൈൻ – വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേര് പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ, പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ ഫീസ് അടയ്ക്കാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

9. ലോക്കേഷൻ മാപ്പ് ഓൺലൈൻ - വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലോക്കേഷൻ സർട്ടിഫിക്കറ്റുകൾ Relis - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മോഡ്യൂൾ- പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.
10. എഫ്.എം.ബി. ഓൺലൈൻ - ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതു ജനങ്ങൾക്ക് എഫ്.എം.ബി പകർപ്പ് ഓൺലൈനായി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുവാൻ കഴിയുന്ന മൊഡ്യൂൾ.
11. വില്ലേജ് വെബ്സൈറ്റ് - സംസ്ഥാനത്തെ എല്ലാ ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. http://vilage.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തിരം സംസ്ഥാനത്ത് 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതു ജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെ പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.
12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം - കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും കഴിയുന്നതുമാണ്.

## <u>അനുബന്ധം - II</u>

1. **കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ** - കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. വെബ്പോർട്ടിന്റെ വികസനം അന്തിമ ഘട്ടത്തിലാണ്.
2. **റവന്യൂ പോർട്ടൽ** - പൊതുജനങ്ങൾക്കും ജീവനക്കാർക്കും Single Sign On സൗകര്യത്തിൽകൂടിയ പോർട്ടൽ നിലവിൽ വികസിപ്പിച്ചതും വികസനത്തിലുള്ളതുമായ മിത്രം റിലീഫ്, HRMS, KBT, RTI, Lease Management System, Social Security Pension തുടങ്ങിയ മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. **വിവരാവകാശം ഓൺലൈൻ** - റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാകാശ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടിയ്ക്കുമുള്ള മോഡ്യൂൾ: വിവരാവകാശ നിയമം 2005 പ്രകാരം സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. പൊതു ജനത്തിന് വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുമ്പോൾ 10 രൂപ ഫീസ് അടച്ചോ, 10 രൂപയുടെ സ്റ്റാമ്പ് പതിച്ചോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ റവന്യൂ വകുപ്പിൽ മാന്വൽ രീതിലാണ് ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതു മുതൽ അപേക്ഷകന് മറുപടി നൽകുന്നത്

വരെയുള്ള എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. എന്നാൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന് തയ്യാറെടുക്കുന്ന വകുപ്പ് എന്ന നിലയ്ക്ക് ഓൺലൈനായി വിവരാവകാശ അപേക്ഷ സ്വീകരിക്കുന്നതും കൈകാര്യം ചെയ്യുന്നതിനും അന്തിമമായി മറുപടി നൽകുന്നതിനും സഹായകമാകുന്ന രീതിയിൽ ഒരു മോഡ്യൂൾ വികസിപ്പിച്ചിട്ടുള്ളതാണ്. ഈ മൊഡ്യൂളിൽ റവന്യൂ ഇ പേമെന്റ് ഗേറ്റ് വേയുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

4. **സോഷ്യൽ സെക്യൂരിറ്റി പെൻഷൻ** – നിലവിൽ റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ-ഗവർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.